(ഡി) സാമ്പത്തിക നയങ്ങൾ തിരുത്തുന്നതിനും തിരുത്തിക്കുന്നതിനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് സർക്കാർ തയ്യാറാകുമോ;

(ഇ) കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയംകൊണ്ടുമാത്രം നഷ്ടത്തിലായ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പൊതുമേഖലാ സംരംഭങ്ങൾ വരുത്തിയ നഷ്ടം

15 [5571] ശ്രീ. പി. ജെ. ജോയി:
,, ഡി. സുഗതൻ:
,, സി. പി. മുഹമ്മദ്:
,, കെ. മുഹമ്മദാലി:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സംരംഭങ്ങൾ ഇക്കഴിഞ്ഞ പത്തുവർഷങ്ങളിലാകെ എന്തു നഷ്ടം വരുത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം വരുത്തുന്ന നഷ്ടം എത്ര വർഷത്തിനുള്ളിൽ ഇല്ലാതാക്കാനും ലാഭത്തിലെത്താനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) അതിനായി എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കാമോ;

(ഡി) നഷ്ടം ഒഴിവാകാനോ ലാഭം ഉണ്ടാക്കുവാനോ സാദ്ധ്യമല്ലാത്തവയെ കയ്യൊഴിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സ്വയം വിരമിക്കൽ

16 [5572] ശ്രീ. പി. എസ്. സുപാൽ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും കഴിഞ്ഞ ഇരുപത്തിയേഴ് മാസക്കാലത്തിനിടയിൽ സ്വയം വിരമിക്കൽ പദ്ധതിയിലൂടെ എത്ര തൊഴിലാളികൾ പിരിഞ്ഞുപോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വയം വിരമിക്കലിന് സാമൂഹ്യ സുരക്ഷിതത്വ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിപ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇപ്രകാരം പിരിഞ്ഞ എല്ലാ തൊഴിലാളികൾക്കും മുഴുവൻ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

(ബി) ഉണ്ട്. ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. ‡

(സി) ഉണ്ട്.

കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ

17 [5573] ശ്രീ. ബിനോയ് വിശ്വം:
„ മാങ്കോട് രാധാകൃഷ്ണൻ:
„ പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എത്രയെണ്ണമുണ്ട്; ഇവയിൽ പൊതുമേഖലയിൽപ്പെട്ട സ്ഥാപനങ്ങൾ എത്ര;

(ബി) യഥാസമയം കണക്കുകൾ സമർപ്പിക്കാത്ത സ്ഥാപനങ്ങൾ എത്രയെണ്ണമുണ്ട്; ഇവയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ എത്ര;

(സി) രജിസ്റ്റർ ചെയ്തതിനു ശേഷം പ്രവർത്തനരഹിതമായ സ്ഥാപനങ്ങൾ എത്രയെണ്ണമുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) യഥാസമയം കണക്കുകൾ സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

† അനുബന്ധം II.

‡ അനുബന്ധം IIA.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[11-8-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 16(5572) കാണുക.]

	Companies	Year	No. of Employees
1.	Trivandrum Spinning Mills Ltd.	1994	120
2.	Steel Complex Ltd.	1994	53
3.	Kerala State Textile Corporation Ltd. (KSTC)*	1995	13
4.	Kerala State Drugs and Pharmacuticals Ltd.	1995-96	55
5.	Kerala Soaps and Oils Ltd.	1996-97	273
6.	Kerala State Textile Corporation Ltd.	1996	52
7.	The Chalakkudy Refractories Ltd.	1996	130
8.	Mannam Sugar Mills Co-operative Ltd.	1997	146
9.	Travancore Plywood Industries Ltd.	1997	149
10.	Kerala State Textile Corporation Ltd.	1997	165
11.	Keltron Power Devices Ltd.	1998	104
12.	Sitaram Textiles Ltd.	1998	188
13.	Kerala State Textile Corporation Ltd.	1998	1
14.	Steel Complex Ltd.	1998	102
15.	Kerala State Textile Corporation Ltd.	1999	1
16.	Kerala State Textile Corporation Ltd.	2000	40
17.	Kerala State Electronic Development Corporation	2000	623
18.	Kerala State Textile Corporation Ltd.	2001	33
19.	The Cannannore Co-operative Spinning Mills Ltd.	2001	60
20.	The Malappuram Co-operative Spinning Mills Ltd.	2001	37
	Total		2345

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II A

[11-8-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 16(5572) കാണുക.]

സാമൂഹിക സുരക്ഷിതത്വ പദ്ധതി—Social Safety Net Programme—SSNP (G.O.(P). No. 73/2003/ID, dated 24-6-2003) പ്രകാരം ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

സാമ്പത്തികാനുകൂല്യങ്ങളുടെ വിശദാംശങ്ങൾ:

1. സ്ഥിര ജീവനക്കാർക്ക് പൂർത്തിയാക്കിയ ഓരോ വർഷത്തിനും ഒന്നര മാസത്തെ വേതനം (Basic Pay +Dearness Allowance) അല്ലെങ്കിൽ പിരിഞ്ഞുപോകുന്ന സമയത്തെ വേതനത്തെ സാധാരണ ഗതിയിൽ സർവ്വീസ് പൂർത്തിയാക്കാനുള്ള വർഷങ്ങളുടെ എണ്ണംകൊണ്ട് ഗുണിച്ചാൽ കിട്ടുന്ന തുക. ഇതിൽ ഏതാണോ കുറവ് ആ തുകയായിരിക്കും നൽകുക.

2. താൽക്കാലികമായും/പകരക്കാരനായും/ബദലിയായും ജോലി ചെയ്യുന്ന ജീവനക്കാർക്ക് പൂർത്തിയാക്കിയ ഒരോ വർഷത്തിനും 45 ദിവസത്തെ വേതനം എക്സ്ഗ്രേഷ്യയായും നൽകും. എക്സ്ഗ്രേഷ്യ നൽകുന്നതിന് യഥാർത്ഥത്തിൽ ജോലി ചെയ്ത ദിവസങ്ങൾ മാത്രമേ കണക്കിലെടുക്കൂ.

3. എക്സ്ഗ്രേഷ്യ കണക്കിലെടുക്കുന്നതിന് ശമ്പളം/വേതനമായി Basic Pay+Dearness Allowance മാത്രമേ ഉൾപ്പെടുത്തുകയുള്ളൂ. എക്സ്ഗ്രേഷ്യ കണക്കാക്കുന്നതിനായി ഒരു മാസത്തിൽ 30 ദിവസം എന്നരീതിയിലാണ് എടുക്കുക. എക്സ്ഗ്രേഷ്യ കണക്കാക്കുന്നതിനായി സേവനകാലം കണ്ടുപിടിക്കുന്നത് ഗ്രാറ്റ്യുറ്റി കണക്കാക്കുമ്പോൾ ചെയ്യുന്നതുപോലെയാണ്.

മറ്റുള്ള ആനുകൂല്യങ്ങൾ:

1. പി. എഫ്. അക്കൗണ്ടിൽ ബാക്കിയുള്ള തുക ഇ.പി.എഫ്. നിയമത്തിനുവിധേയമായിട്ടായിരിക്കും നൽകുന്നത്.

2. സഞ്ചിത ആർജ്ജിതാവധി/അവകാശ അവധി എന്നിവക്ക് തുല്യമായ തുക അതാത് കമ്പനികളിലെ നിയമത്തിന് വിധേയമായിട്ടായിരിക്കും നൽകുന്നത്.

3. ഗ്രാറ്റ്യുറ്റി നിയമത്തിനു വിധേയമായിട്ടായിരിക്കും ഗ്രാറ്റ്യുറ്റി തുക അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹിക സുരക്ഷാ പദ്ധതിയുടെ വിശദാംശങ്ങൾ

ഇതുകൂടാതെ ജീവനക്കാർക്കായി സാമ്പത്തിക സുസ്ഥിരതയ്ക്കായുള്ള ഒരു സുരക്ഷാപദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ആവശ്യമാണെങ്കിൽ മാത്രം തെരഞ്ഞെടുക്കാവുന്ന ഒന്നാണിത്. ഇതനുസരിച്ച് ഒരു ജീവനക്കാരൻ പിരിഞ്ഞു പോകുമ്പോൾ ലഭിക്കുന്ന തുകയുടെ 50% വരെ ഈ സാമ്പത്തിക സുരക്ഷാപദ്ധതിയിൽ നിക്ഷേപിക്കാവുന്നതാണ്. ഇതിനുപകരമായി എംപ്ലോയീസ് കോൺട്രിബ്യൂഷന്റെ 25% തുക (ഏറ്റവും കൂടുതൽ 25000 രൂപ വരെ) ഇൻസെന്റീവായിട്ട് സർക്കാരും നിക്ഷേപിക്കും. ഈ ഫണ്ടിൽ നിക്ഷേപിക്കുന്ന തുകക്ക് ദേശസാൽകൃത ബാങ്കിൽ നിലവിലുള്ള സ്ഥിര നിക്ഷേപ പലിശ ലഭിക്കും. ഈ ഫണ്ടിൽ നിക്ഷേപിക്കുന്ന തുകയുടെ പലിശയുടെ ഒരു ഭാഗം മെഡിക്കൽ ലൈഫ് ഇൻഷ്വറൻസിനായി നീക്കി വയ്ക്കും. ലൈഫ് ഇൻഷ്വറൻസിന്റെ കാലാവധി പൂർത്തിയാകുന്നതുവരെ സ്ഥിര നിക്ഷേപം പുതുക്കുക യാണെങ്കിൽ മാത്രമേ ഇൻസെന്റീവിനത്തിലുള്ള സർക്കാരിന്റെ വിഹിതം നൽകുകയുള്ളൂ. ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടാത്ത ജീവനക്കാർക്ക് ഈ ഫണ്ടിൽ നിക്ഷേപിച്ച തുകയുടെ പലിശ പ്രതിമാസ പെൻഷനായി ലഭിക്കും.

ഇതുകൂടാതെ ഈ സ്കീമിൽ ഉൾപ്പെട്ട് പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് പുതിയ തൊഴിൽ കണ്ടത്തുന്നതിനുള്ള ഗൈഡൻസ്, അതിനാവശ്യമായ പരിശീലനം മുതലായവ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly